(ജി) പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളുടെ ഉൽപ്പന്നങ്ങൾ ലോകമാർക്കറ്റിൽ വിറ്റഴിക്കപ്പെടണമെങ്കിൽ അവയുടെ നവീകരണത്തിന് ഇപ്പോൾ കണക്കാക്കപ്പെട്ടിട്ടുള്ള ചെലവിനേക്കാൾ വീണ്ടും ഭീമമായ തുകകൾ ചെലവാക്കേണ്ടതായിവരുന്നതാണ്. അതിനാൽ സാമ്പത്തിക പരാധീനതകൾ കണക്കിലെടുത്ത് സ്പിന്നിംഗ് മില്ലുകളുടെ നവീകരണം, അവയുടെ ഉൽപ്പന്നങ്ങളെ നമ്മുടെ രാജ്യത്തെ മുൻനിരക്കാരോടൊപ്പമാക്കുവാനുതകുന്ന വിധത്തിലാണ് ഇപ്പോൾ വിഭാവന ചെയ്തിരിക്കുന്നത്.

29 (*149) കാലവർഷക്കെടുതി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈയിടെയുണ്ടായ പേമാരിയും, വെള്ളപ്പൊക്കവും മൂലമുണ്ടായ കെടുതികൾ നേരിടുന്നതിന് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയ്ക്കും എന്ത് തുക വീതം നീക്കിവച്ചു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കൂടെക്കൂടെ ഉണ്ടാകുന്ന വെള്ളപ്പൊക്കക്കെടുതികൾ തടയുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ):

(എ) ഇക്കൊല്ലത്തെ കാലവർഷം മുമ്പിൽ കണ്ടുകൊണ്ട്, കെടുതികൾ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട ആശ്വാസ നടപടികൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ 15.5.1999-ൽ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. മുൻകാലാനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രകൃതിക്ഷോഭമുണ്ടാകാനിടയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനും മുൻകരുതൽ നടപടികളുടെ ഭാഗമായി ദുരിതാശ്വാസ പ്രവർത്തന സംവിധാനം പ്രവർത്തനോൻമുഖമായി സജ്ജീകരിക്കുവാനും വേണ്ടത്ര ഭക്ഷ്യസാധനങ്ങൾ റേഷൻ കടകളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ദുരിത ബാധിതരെ പുനരധിവസിപ്പിക്കേണ്ടിവന്നാൽ ഉപയോഗിക്കുന്നതിനായി പൊതുകെട്ടിടങ്ങൾ, സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ തുടങ്ങിയവ കണ്ടെത്തി, അവ ദുരിതാശ്വാസ കേന്ദ്രങ്ങളാക്കി ഉപയോഗിക്കാനായി സജ്ജമാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കടലാക്രമണം മൂലം ദുരിതമനുഭവിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുവാനും ദുരിതാശ്വാസ കേന്ദ്രങ്ങളിൽ ആഹാരം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയവ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ മൂലമുള്ള ഗതാഗത തടസ്സങ്ങൾ ഉടനടി നീക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണമെന്നും ഗതാഗതം പുന:സ്ഥാപിക്കുംവരെ പകരമുള്ള റൂട്ടുകൾ കണ്ടെത്തുന്നതിനും വാർത്താവിനിമയം തടസ്സപ്പെട്ടാൽ അതിന് പകരം സംവിധാനം കണ്ടെത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കൺട്രോൾ റൂമുകൾ തുറന്ന് പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയ്ക്കും താഴെപ്പറയും പ്രകാരം തുക അനുവദിച്ച് നൽകി.

ക്രമ നമ്പർ	ജില്ലയുടെ പേര്	അനുവദിച്ച തുക (രൂപ ലക്ഷത്തിൽ)
1.	തിരുവനന്തപുരം	75.00
2.	കൊല്ലം	75.00
3.	ആലപ്പുഴ	75.00
4.	പത്തനംതിട്ട	75.00
5.	ഇടുക്കി	25.00
6.	കോട്ടയം	75.00
7.	എറണാകുളം	25.00
8.	പാലക്കാട്	25.00
9.	തൃശൂർ	25.00
10.	മലപ്പുറം	25.00
11.	കോഴിക്കോട്	25.00
12.	വയനാട്	25.00
13.	കണ്ണൂർ	25.00
14.	കാസർഗോഡ്	25.00

(സി) റവന്യൂ വകുപ്പ് പ്രത്യേക പദ്ധതിക്കൊന്നും തന്നെ രൂപം നൽകിയിട്ടില്ല. എന്നാൽ ജലസേചന വകുപ്പ് തടയണകൾ നിർമ്മിച്ചും, നദികളുടെയും തോടുകളുടെയും കരയിടിച്ചിൽ തടയുന്നതിലേയ്ക്കായി സംരക്ഷണഭിത്തികൾ കെട്ടിയും വെള്ളപ്പൊക്കക്കെടുതികൾ കുറയ്ക്കുവാൻ ശ്രമിക്കുന്നുണ്ട്.

30 (*150) ഇൻഫർമേഷൻ നെറ്റ് വർക്ക് ഫോർ ലോക്കൽ ബോഡീസ്

ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫർമേഷൻ നെറ്റ്വർക്ക് ഫോർ ലോക്കൽ ബോഡീസ് എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ എന്തെല്ലാമാണുൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly